(ഡി) ദേശീയ ഗെയിംസിനായി അനുവദിച്ച തുകയിൽ സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനത്തിനായി തുകയൊന്നും വകകൊള്ളിച്ചിട്ടില്ല.

യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്

330 (341) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് സമർപ്പിച്ചിരിക്കുന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്ലബ്ബിന് ഡേ ബോർഡിംഗ് സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന് ഡേ ബോർഡിംഗ് സെന്റർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷ സർക്കാർ പരിശോധിച്ചു.

(ബി&സി) സർക്കാർ അംഗീകരിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമേ ഡേ ബോർഡിംഗ് സെന്ററുകൾ അനുവദിക്കുവാൻ കഴിയൂ. ആയതിനാൽ യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന്റെ ഈ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന വിവരം ഇതിനകം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്.

ചാലക്കുടി ഗവൺമെന്റ് കോളേജ്-ഗ്യാലറി നിർമ്മാണം

331 (342) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഗ്യാലറിയും, സിന്തറ്റിക് ഫ്ലോറിംഗും നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് സ്റ്റേഡിയത്തിൽ ഗ്യാലറിയും സിന്തറ്റിക് ഫ്ളോറിംഗും അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 3 കോടി രൂപയുടെ ശിപാർശയാണ് ബഹു.എം.എൽ.എ ശ്രീ. ബി. ഡി. ദേവസ്സി സമർപ്പിച്ചിരുന്നത്. പ്രൊപ്പോസൽ പരിഗണിക്കണമെന്നും 2015-16-ലെ ബഡ്ജറ്റിൽ വകയിരുത്തണമെന്നും അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഇതിനാവശ്യമായ തുക ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

കാസർകോട് ജില്ലയിൽ ഇൻഡോർ സ്റ്റേഡിയം

332 (343) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ മൂന്നാമത്തെ ജനസമ്പർക്ക പരിപാടിയിൽ കാസർകോട് ജില്ലയ്ക്കായി പ്രഖ്യാപിച്ച പദ്ധതികളിൽ ഒന്നായ ഇൻഡോർ സ്റ്റേഡിയം എവിടെ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഇതിനായി നീക്കിവച്ച സ്ഥലവും അനുവദിച്ച തുകയും എത്രയാണ് ; വ്യക്തമാക്കാമോ ;

(സി) നിർമ്മാണം എപ്പോൾ തുടങ്ങാൻ ആണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ&ബി) കാസർകോട് ഗവൺമെന്റ് കോളേജിലെ ഗ്രൗണ്ടിനോട് ചേർന്നുള്ള സ്ഥലത്താണ് കാസർഗോഡ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.

2010-ലെ എസ്റ്റിമേറ്റ് പ്രകാരം 14 കോടി രൂപ ചെലവ് വരുന്ന പദ്ധതിയാണിത്.

2015-16 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ കാസർകോട് ജില്ലയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. മേൽ സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) കാസർകോട് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി പദ്ധതി രേഖയിൽ പരാമർശം ഉണ്ടാവുകയും വാർഷിക ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുകയും ചെയ്യുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly